# FATIMA MATA NATIONAL COLLEGE

**AUTONOMOUS**

(Reaccredited with 'A' Grade by NAAC)
Affiliated to University of Kerala





# 5.3.3 BJMP Report 2016-17

IQAC INTERNAL QUALITY ASSURANCE CELL

# അദ്ധ്യാപക രക്ഷാകർത്തൃസംഗമം

വിദ്യാർത്ഥികളുടെ പഠന-പഠനേതര മികവ് വിലയിരുത്തുന്നതിനായി അദ്ധ്യാപക രക്ഷാകർത്തൃസംഗമം നടത്താറുണ്ട്. ഈ വർഷം 2016 മാർച്ച് മാസം 12-ാം തീയതി രാവിലെ 10 മണിക്ക് ക്ലാസ് ടീച്ചർമാരുടെ അധ്യക്ഷതയിൽ അതാത് ഡിപ്പാർട്ട്മെന്റിൽവെച്ച് ക്ലാസ് പി.റ്റി.എ നടത്തുകയുണ്ടായി. കൂടാതെ ഓരോ സെമസ്റ്ററിലും ഡിപ്പാർട്ട്മെന്റ് തല ക്ലാസ് പി.റ്റി.എ-കൾ സംഘടിപ്പിക്കുന്നുണ്ട്.

# പി.റ്റി.എ. സ്കോളർഷിപ്പ്





പഠനത്തിലും കലാ-കായിക രംഗത്തും മികവ് തെളിയിക്കുന്ന വിദ്യാർത്ഥികളെ പി.റ്റി.എ പ്രോത്സാഹിപ്പിക്കാറുണ്ട്. അതിന്റെ ഭാഗമായി വിവിധ സ്കോളർഷിപ്പുകളും അവാർഡുകളും ഏർപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്ക അവസ്ഥയിൽ നിൽക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിനും പി.റ്റി.എ ശ്രദ്ധ ചെലുത്തി വരുന്നുണ്ട്. ഇക്കഴിഞ്ഞവർഷം ഒരുലക്ഷത്തി ഇരുപതിനായിരം രൂപയാണ് ഇതിലേക്കായി മാറ്റിവെച്ചത്.

# ബിഷപ്പ് ജെറോം സ്മാരക പ്രബന്ധാവതരണം




ബിഷപ്പ് ജെറോം മെമ്മോറിയൽ സൗത്ത് ഇൻഡ്യൻ ഇന്റർ കോളേജ് പ്രബന്ധാവതരണ മത്സരം പി.റ്റി.എയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുകയുണ്ടായി. കൗമാരവും സൈബർ ലോകവും എന്ന വിഷയത്തിൽ 2017 ജനുവരിമാസം 25-ാം തീയതി മത്സരം നടത്തുകയുണ്ടായി. കലാലയ സ്ഥാപകനായ അഭിവന്ദ്യ ജെറോം തിരുമേനിയുടെ പാവനസ്മരണയോട് ആദരവ് പുലർത്തുന്നതിനായിട്ടാണ് എല്ലാ വർഷവും പി.റ്റി.എയുടെ നേതൃത്വത്തിൽ പ്രബന്ധാവതരണ മത്സരം സംഘടിപ്പിക്കാറുള്ളത്. കോളജ് ആഡിറ്റോറിയത്തിൽ വെച്ച് നടന്ന പ്രബന്ധാവതരണം



ഇൻഫന്റ് ജീസസ്സ് സ്കൂൾ പ്രിൻസിപ്പാൾ റവ. ഫാ. സിൽവി ആന്റണി ഉദ്ഘാടനം ചെയ്തു. വിവിധ സർവ്വകലാശാലകളിലെ കോളേജുകളിൽ നിന്നും ലഭ്യമായ പ്രബന്ധങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 14 എണ്ണമാണ് മത്സരത്തിൽ അവതരിപ്പിക്കപ്പെട്ടത്. മത്സരത്തിൽ ഇരിങ്ങാലക്കുട സെന്റ്. ജോസഫ് കോളേജിലെ രോഹിണി മേനോൻ ഒന്നാം സ്ഥാനവും കൊല്ലം ഫാത്തിമാ മാതാ കോളേജിലെ വിഷ്ണുപ്രിയ, ഷാരോൺ. എസ് എന്നിവർ രണ്ടും മൂന്നും സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് പ്രിൻസിപ്പൾ ഡോ. വിൻസെന്റ് ബി. നെറ്റോ സമ്മാനങ്ങൾ വിതരണം ചെയ്തു.





# ഇൻഡക്ഷൻ ഡേ

ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്കും ഒന്നാം വർഷ പി.ജി. വിദ്യാർത്ഥികൾക്കുമായി ഇൻഡക്ഷൻ ഡേ പി.റ്റി.എയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. കോളേജ് ആഡിറ്റോറിയത്തിൽ വെച്ച് 27 ജൂലൈ 2016 ന് യു.ജി. വിദ്യാർത്ഥികൾക്ക് വേണ്ടി നടന്ന ഇൻഡക്ഷൻ ഡേയിൽ ഡോ.എസ്. അയൂബ്, (പ്രിൻസിപ്പാൾ, ടി.കെ.എം. എൻജിനീയറിംഗ് കോളേജ്, കൊല്ലം) മുഖ്യാതിഥിയായി. കരിയർ കൺസൾട്ടന്റ് സജിത്ത് തോമസ് പുതിയ തൊഴിൽ മേഖലകളെ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തി. 29 നവംബർ 2016 ന് പി.ജി. വിദ്യാർത്ഥികൾക്ക് വേണ്ടി നടന്ന ഇൻഡക്ഷൻ ഡേയിൽ ഡോ. ക്രിസ്റ്റി ഫെർണാണ്ടസ് ഐ.എ.എസ്. മുഖ്യാതിഥിയായി പങ്കെടുത്തു.